# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 15 | 2018 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### കെഎസ്ആർടിസി ഇന്റർസ്റ്റേറ്റ് സർവീസ് ഇന്ന് മുതൽ

അയ്യപ്പൻമാരുടെ തിരക്ക് വർധിച്ച സാഹചര്യത്തിൽ കെഎസ്ആർടിസി തമിഴ്നാട്ടിലെ വിവിധ സ്ഥലങ്ങളിലേക്ക് ഇന്നു (16-12-18) മുതൽ സർവീസ് നടത്തുന്നു. പഴനി, മധുര, തെങ്കാശി, ചെന്നൈ എന്നിവിടങ്ങളിലേക്കാണ് സർവീസ് നടത്തുന്നത്. നിലയ്ക്കലിൽ നിന്ന് ഇന്ന് വൈകുന്നേരം മുതൽ സർവീസ് ആരംഭിക്കും. ആദ്യദിവസത്തെ സർവീസിനു ശേഷം കൃത്യമായ ഷെഡ്യൂൾ പിന്നീട് ക്രമീകരിക്കും. തമിഴ്നാടിനെ അപേക്ഷിച്ച് യാത്രാനിരക്കിൽ 15-20 ശതമാനം കുറവായതിനാൽ യാത്രക്കാരെ കൂടുതലായി ലഭിക്കും എന്ന പ്രതീക്ഷയിലാണ് കെഎസ്ആർടിസി. അതേസമയം, പമ്പ-നിലയ്ക്കൽ റൂട്ടിൽ ഇപ്പോൾ ലോ ഫ്ളോർ എസി ഉൾപ്പെടെ 149 ബസ്സുകൾ സർവീസ് നടത്തുന്നുെ ന്നും കെഎസ്ആർടിസി അധികൃതർ അറിയിച്ചു. ഇത് ഇപ്പോഴത്തെ ആവശ്യത്തിന് മതിയാകുമെന്നാണ് വിലയിരുത്തൽ.

(പി.ആർ. ശബരി-302)

## ഭക്തർക്ക് കുടിവെള്ളമെത്തിക്കുന്നത് കുന്നാറിൽ നിന്ന്

സന്നിധാനത്തെത്തുന്ന അയ്യപ്പഭക്തൻമാർക്കായുള്ള കുടിവെള്ളം എത്തിക്കുന്നത് ഏഴ് കിലോമീറ്റർ അകലെയുള്ള കുന്നാറിൽ നിന്ന്. ഇവിടെ തടയണ തീർത്ത് താഴേക്ക് പൈപ്പിലൂടെ ജലമെത്തിക്കുന്ന ഗ്രാവിറ്റി രീതിയാണ് അവലംബിച്ചിരിക്കുന്നത്. പ്രതിദിനം 20-25 ലക്ഷം ലിറ്റർ ജലമാണ് പൈപ്പിലൂടെ ഒഴുകിയെത്തുന്നത്. ആറ് ഇഞ്ച് വ്യാസം വരുന്ന കാസ്റ്റ് അയൺ, പിവിസി പൈപ്പുകളിലൂടെയാണ് വെള്ളം എത്തിക്കുന്നത്. പാ ിത്താവളത്തെ സംഭരണിയിലെത്തുന്ന ജലം ക്ലോറിനേഷൻ നടത്തി ശുദ്ധീകരിച്ചശേഷം ചെറിയ കുഴലുകളിലൂടെ വിവിധ ശൃഖംലകളായി ആവശ്യമുള്ള സ്ഥലത്തേക്ക് വഴിതിരിച്ചുവിടുകയാണ് ചെയ്യുന്നത്. കുടിവെള്ളമായതിനാൽ ചെക്ക്ഡാം പരിസരത്ത് സുരക്ഷയ്ക്കായി അഞ്ചംഗ പോലീസ് സംഘത്തെയും നിയോഗിച്ചിട്ടു ്.

(പി.ആർ. ശബരി-303)

## സന്നിധാനത്ത് എക്സൈസ് നിരീക്ഷണം കർശനം

ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് കർശന നിരീക്ഷണവുമായി എക്സൈസ് വകുപ്പ്. സന്നിധാനത്ത് ഇതുവരെ 243 കേസുകൾ രജിസ്റ്റർ ചെയ്തിട്ടു ്. കേസുകളിൽ നിന്ന് 48600 രൂപ പിഴ ഈടാക്കുകകയും ചെയ്തിട്ടു ന്ന് സന്നിധാനത്തെ എക്സൈസ് ചുമതല വഹിക്കുന്ന സി. ഐ വിനോദ് കുമാർ എസ് പറഞ്ഞു.

പമ്പയിൽ ഇതുവരെ നടത്തിയ 91 റെയ്ഡുകളിൽ നിന്നായി 13400 രൂപ പിഴ ഈടാക്കി.അനധികൃതമായി സൂക്ഷിച്ചിരുന്ന 2.96 കിലോ പുകയില ഉത്പ്പന്നങ്ങളും 1240 സിഗരറ്റുകളും, 6730 ബീഡി എന്നിവ പിടിച്ചെടുക്കുകയും 67 കേസുകൾ കോട് പാ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തു.

നിലയ്ക്കലിൽ ഇതുവരെ നടത്തിയ 91 റെയ്ഡുകളിൽ നിന്നായി 116800 രൂപ പിഴ ഈടാക്കി.അനധികൃതമായി സൂക്ഷിച്ചിരുന്ന 10.57കിലോ പുകയില ഉത്പ്പന്നങ്ങളും 2141സിഗരറ്റുകളും, 10 118 ബീഡി എന്നിവ പിടിച്ചെടുക്കുകയും 584 കേസുകൾ കോട്പാ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യുകയും ചെയ്തു.

വ്യാജമദ്യ ഒഴുക്ക് തടയുന്ന പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തുന്നത്. ഇതിനായി പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ താൽക്കാലിക റെയ്ഞ്ച് ഓഫീസുകൾ പ്രവൃത്തിക്കുന്നു ്. മൂന്ന് ഓഫീസുകളുടേയും പ്രവൃത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പമ്പയിൽ

കൺട്രോൾ റൂം പ്രവൃത്തിക്കുന്നു. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അൻസാരി ബേഹുവിനാണ് നടത്തിപ്പു ചുമതല.

ഓരോ റേഞ്ച് ഓഫീസിലും ഒരു സി ഐ ,മൂന്ന് ഇൻസ്പെക്ടർമാർ ഉൾപ്പെടെ 20 പേരണ് ഉ ാവുക. പുകയില ഉത്പ്പന്നങ്ങൾ, പാൻ മസാലകൾ തുടങ്ങിയവയുടെ വിൽപ്പനയും, ഉപയോഗവും തടയുവാൻ കർശന പരിശോധനയാണ് സന്നിധാനത്തും പരിസര പ്രദേശങ്ങളിലും നടത്തുന്നത്. കുറ്റക്കാരെ കെ ത്തുന്നതിന് ഷാഡോ എക്സൈസ് ടീമിനേയും നിയോഗിച്ചിട്ടു ്.

(പി.ആർ. ശബരി-304)

## ക്രമക്കേടുകൾക്ക് തടയിടാൻ ജാഗ്രതയോടെ വിജിലൻസ്

ശബരിമലയിൽ ദർശനത്തിനായെത്തുന്ന ഭക്തൻമാരെ ഭക്തിയുടെ പേരിൽ ചൂഷണം ചെയ്യാതിരിക്കാനും ദേവസ്വം ബോർഡിന് വരുമാന ചോർച്ചയു ാ വാതെ നോക്കിയും സദാ ജാഗരൂഗകരായി ദേവസ്വം വിജിലൻസ് വിഭാഗം. ക ഴിഞ്ഞ 17-ന് നട തുറന്ന് നാളിതുവരെ ദേവസ്വം ജീവനക്കാർക്കെതിരേ ഉൾ പ്പെടെ നിരവധി ക്രമക്കേടുകൾ വിജിലൻസ് വിഭാഗം കെ ത്തി. ഈ സീസ ണിലെ പുഷ്പാഭിഷേകം കരാറുകാരൻ അനധികൃതമായി ഭക്തരിൽ നിന്ന് പണം ഈടാക്കുന്നത് കെ ത്തുകയും അയാൾക്ക് മുന്നറിയിപ്പ് നൽകു കയും ചെയ്തു. വലിയ കടുക്ക സ്വാമിയുടെ നടയിലെ ചരട് വിൽപ്പനയിലെ ക്രമക്കേട് കെ ത്തി നാല് ദേവസ്വം ബോർഡ് ജീവനക്കാർക്കെതിരേ നടപ ടി സ്വകരിച്ചു. മാളികപ്പുറത്തെ വഴിപാട് രസീത് തിരുത്തി ക്രമക്കേട് കാണി ക്കാൻ ശ്രമിച്ച ജീവനക്കാരനെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യുകയു ായി. അരി വഴിപാടിനൊപ്പം സമർപ്പിക്കുന്ന കാ ണിപ്പണം വേർതിരിക്കലിനിടെ കൈക്കലാക്കുന്നതും വിജിലൻസ് വിഭാഗം ക െ ത്തിയതിനെതുടർന്ന് നാല് താത്കാലിക ജീവനക്കാരെ പിരിച്ചുവിട്ടു. ഭ ക്തരെ വിശ്വസിപ്പിച്ച് അവരിൽ നിന്നും നെയ്ത്തേങ്ങ വാങ്ങി പൊട്ടിച്ച് ആഴി യിലിടാതെ കൊപ്രാക്കളത്തിൽ എത്തിക്കുന്നതും വിജിലൻസ് വിഭാഗം ക െ ത്തി. പുകയില ഉത്പന്നങ്ങൾ രഹസ്യമായി കടത്താൻ ശ്രമിച്ചതും പിടി ച്ചെടുത്തിട്ടു ്.

ചീഫ് വിജിലൻസ് എസ്.പി പി.ബിജോയിയുടെ നേതൃത്വത്തിൽ എസ്ഐ മാരായ സജിമോൻ, മനു പി. മേനോൻ, ഭണ്ഡാരം സ്പെഷൽ ഓഫീസർ ശ്രീ കുമാർ, ര ് സിപിഒമാർ ഒരു ദേവസം സെക്യൂരിറ്റി എന്നിവരടങ്ങുന്നതാണ് സന്നിധാനം വിജിലൻസ് വിഭാഗം.
സന്നിധാനത്ത് വിവിധ സ്ഥലങ്ങളിലായി 36 നിരീക്ഷണ ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ര ുനിലകളുള്ള ഭണ്ഡാരം ഓഫീസിൽ മാത്രം 16 നി രീക്ഷിണ ക്യാമറകൾ സജ്ജീകരിച്ചിട്ടു ്. മറ്റ് സ്ഥലങ്ങളിലായി 16 കാമറക

ളും ക്രമീകരിച്ചിട്ടു ്. ഇവയെല്ലാം വിജിലൻസ് ഓഫീസറുടെ ഓഫീസു മുറിയിൽ സജ്ജീകരിച്ചിട്ടുള്ള സ്ക്രീനിൽ കാണാനാകും. ഇതിനെല്ലാം പുറമേ വിജിലൻസ് ഓഫീസറുടെ മുറിയിലും ഒരു ക്യാമറ സ്ഥാപിച്ചിട്ടു ്. ക്രമക്കേടുകൾ കെ ത്തി പിടിക്കപ്പെടുന്നവരെ ചോദ്യം ചെയ്യുമ്പോൾ ഈ ക്യാമറ പ്രവർത്തിപ്പിക്കും. അത്രയും സുതാര്യമായാണ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം.

(പി.ആർ. ശബരി-305)

## ജലസ്രോതസ്സും കുടിവെള്ള പൈപ്പുകളും ഇറിഗേഷൻ വകുപ്പിന്റെ നിരീക്ഷണത്തിൽ

പമ്പയിലും സന്നിധാനത്തും ജലസ്രോതസ്സും കുടിവെള്ള പൈപ്പുകളും ഇറിഗേഷൻ വകുപ്പിന്റെ നിരീക്ഷണത്തിൽ. ജലസ്രോതസ്സുകളിലെ മാലിന്യം വിവിധസ്ഥലങ്ങളിലെ പൈപ്പ് ചോർച്ച ഇവ യഥാസമയം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നു ന്ന് ഇറിഗേഷൻ അസിസ്റ്റൻ എൻജിനീയർ ആർ. ജയകൃഷ്ണൻ അറിയിച്ചു. കഴിഞ്ഞദിവസം പമ്പാ പോലീസ് സ്റ്റേഷൻ സമീപത്തെ ഹോട്ടലിൽനിന്ന് ഒഴുക്കിവിടുന്ന മലിനജലപൈപ്പിലെ ലീക്ക് ക ുപിടിച്ച് അത് പരിഹരിക്കുന്നതിനുള്ള നടപടികളെടുത്തതായി അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. വരുംദിവസങ്ങളിലും പമ്പയിലും സമീപത്തും മലിനജല സാന്നിധ്യം ഇല്ലായെന്ന് ഉറപ്പുവരുത്തുന്ന ശ്രമങ്ങൾ തുടരുമെന്നും അദ്ദേഹം അറിയിച്ചു.

(പി.ആർ. ശബരി-306)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡിസംബർ

DECEMBER 15 2018



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


## സന്നിധാനം സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയത് 25979 തീർത്ഥാടകർ

മണ്ഡലകാലം ആരംഭിച്ചതിനുശേഷം ഇന്നലവരെ സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ 25979 പേർ ചികിത്സയും മരുന്നും തേടിയെന്ന് മെഡിക്കൽ ഓഫീസ് ഇൻചാർജ് ഡോ: ദീപു കെ.ആർ പറഞ്ഞു. 26 725 പുരുഷന്മാരും, 362 സ്ത്രീകളും ,807 കുട്ടികൾക്കുമാണ് ആരോഗ്യ വകുപ്പിന്റെ സൗജന്യ സേവനം ലഭിച്ചത്. ഇതു വരെ ര ് മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാധുനിക സജീകരണങ്ങൾ എല്ലാമുള്ള ആശുപത്രിയിൽ ആറ് ഡോക്ടർമാർ, 2 റേഡിയോഗ്രാഫർ, 2 ലാബ് ടെക്നീഷ്യൻസ്, 6 നഴ്സിംഗ് അസിസ്റ്റന്റുമാർ, 3 ഫാർമസിസ്റ്റ്,7 അറ്റന്റർമാർ എന്നിവരാണുള്ളത്.

(പി.ആർ. ശബരി-307)

## മണ്ഡലകാല ഉത്സവം അവസാനിക്കാൻ ദിവസങ്ങൾ ബാക്കി; അയ്യപ്പൻമാരുടെ എണ്ണം പ്രതിദിനം വർധിക്കുന്നു

ശബരിമലയിലെ മണ്ഡലകാല ഉത്സവം അവസാനിക്കാൻ പതിനൊന്ന് ദിവസം ശേഷിക്കേ ഭക്തരുടെ എണ്ണം ക്രമാതീതമായി വർധിച്ചു. ഓരോ ദിവസവും പന്തീരായിരത്തോളം അയ്യപ്പൻമാരുടെ വർധന പമ്പയിലെ പോലീസ് കൺട്രോൾ റൂം രേഖപ്പെടുത്തുന്നു. വെളുപ്പിന് ര  ിനും പത്തിനും ഇടയിലാണ് അയ്യപ്പൻമാരുടെ തിരക്കു തുടങ്ങും. പരമാവധി എത്തുന്നത് രാവിലെ ആറിനും എട്ടിനും ഇടയ്ക്കുള്ള സമയത്താണ്. ഏറ്റവും കുറവ് അനുഭവപ്പെടുന്നത് വൈകുന്നേരം ആറിനും രാത്രി പന്ത്ര  ിനും ഇടയ്ക്കാണ്. വെള്ളിയാഴ്ച്ച മാത്രം എത്തിയത് 76,579 പേരാണ്.

മണ്ഡല ഉത്സവ സമാപനത്തിനു മുന്നോടിയായുള്ള തങ്ക അങ്കി ഘോഷയാത്ര 23-ന് ആറൻമുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്നും പുറപ്പെടും. ഘോഷയാത്ര 26-ന് ഉച്ചയ്ക്ക് പമ്പയിൽ എത്തും. വൈകുന്നേരത്തോടെ സന്നിധാനത്ത് സ്വീകരണം നൽകും. 27-ന് ഉച്ചയ്ക്ക് തങ്ക അങ്കി ചാർത്തി ദീപാരാധന നടത്തും. അന്നേ ദിവസം രാത്രി പത്തിന് നട അടയ്ക്കും. മകരവിളക്ക് ഉത്സവത്തിനായി 30-ന് വൈകുന്നേരം അഞ്ചിന് നടതുറക്കും. മണ്ഡലകാല ഉത്സവം തീരാൻ ദിവസങ്ങൾ ശേഷിക്കുന്നതിനാൽ വരുംനാളുകളിൽ തീർഥാടകരുടെ എണ്ണം വളരെ വർധിക്കാനാണ് സാധ്യത.

(പി.ആർ. ശബരി-308)

## നാളെ (ഡിസംബർ 17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ നാളെ (ഡിസംബർ 17) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: ചെറിയത്ത് മെഡിക്കൽസ് മൈലപ്ര പത്തനംതിട്ട, അർച്ചന മെഡിക്കൽസ് കോന്നി, കൃപ മെഡിക്കൽസ് കോഴഞ്ചേരി, കൊച്ചുവിളയിൽ മെഡിക്കൽസ് അടൂർ, എക്സൽ മെഡിക്കൽ സ്റ്റോർ പന്തളം, ജൻ ഔഷധി കേന്ദ്ര പന്തളം, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ഹോസ്പിറ്റൽ തിരുവല്ല, ചള്ളുമാട്ട് മെഡിക്കൽസ് പഴവങ്ങാടി റാന്നി, താഴത്തില്ലത്ത് മെഡിക്കൽസ് വടശേരിക്കര.

(പി.ആർ. ശബരി-309)

# ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(16.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം
7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-310)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.